# ഞാനും പോയിടും

ഞാനും പോയിടും ഞാനും പോയിടും
യേശുവിൻ വരവിൽ ഞാനും പോയിടും
ഞാനും പാർത്തിടും ഞാനും പാർത്തിടും
എനിക്കായ് ഒരുക്കിയ സ്വർഗ്ഗീയ വീട്ടിൽ

അവന്റെ നാമം ഹേതുവായി കഷ്ടപ്പെടുന്നവർ
നിന്ദ പഴികൾ അപമാനങ്ങൾ സഹിച്ചിടുന്നവർ
ജീവനേപ്പോലും ത്യജിച്ചു മുന്നേറുന്നു
ആയവരെ ചേർക്കുവാൻ യേശു വരുന്നു ...... ഞാനും

അവന്റെ നാമത്തോടുള്ള സ്നേഹം മൂലമായ്
ആശയറ്റവർക്കെന്നും തുണ ആകുന്നവർ
ആപത്തിൽ ആയവരെ സഹായിക്കുന്നു
ആയവരെ ചേർക്കുവാൻ യേശു വരുന്നു .... ഞാനും

നാളുകളായ് രോഗിയായി കഴിഞ്ഞിടുമ്പോഴും
തളർന്നിടാത്ത മനസ്സുമായി കാത്തിടുന്നവർ
വേദനയിലും അവന്റെ മുഖം കാണുന്നു
ആയവരെ ചേർക്കുവാൻ യേശു വരുന്നു .... ഞാനും

അവന്റെ നാമമെന്നും മാനിക്കുന്നവർ
അവന്റെ വചനം അനുസരിച്ചു ജീവിക്കുന്നവർ
അവസാനത്തോളം സഹിച്ചു നിന്നീടുന്നു
ആയവരെ ചേർക്കുവാൻ യേശു വരുന്നു ...... ഞാനും

------------------------------------------------------------
----